പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1972 — 19.06.2012 -ലെ മറുപടി

എട്ട് വർഷത്തിന്മേൽ ജോലിചെയ്തവരെ സ്ഥിരപ്പെടുത്തിയ നടപടി

ചോദ്യം — ഉത്തരം

ശ്രീ. റ്റി.യു. കുരുവിള — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി -ൽ എട്ട് വർഷത്തിന്മേൽ ജോലിചെയ്ത എത്രപേരെ സ്ഥിരപ്പെടുത്തിയെന്ന് പറയാമോ; | (എ) | 2,236 പേരെ സ്ഥിരപ്പെടുത്തി. (കണ്ടക്ടർ - 1,257, ഡ്രൈവർ - 675, മെക്കാനിക്കൽ - 304). |
| (ബി) | ഇങ്ങനെ സ്ഥിരപ്പെടുത്തിയ ലിസ്റ്റിൽ ചില ഡിപ്പോകളിലെ മെക്കാനിക്കൽ സെക്ഷനിൽ ഉൾപ്പെടെ ജോലി ചെയ്തവരെ വിട്ട്പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെകൂടി സ്ഥിരപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ വിവരങ്ങൾ ബന്ധപ്പെട്ട യൂണിറ്റിൽ നിന്നും ശേഖരിച്ചിട്ടുള്ളത് വിശദമായി പരിശോധിച്ച് യോഗ്യത നിർണ്ണയിച്ചശേഷം തീരുമാനിക്കുന്നതാണ്. |
| (സി) | ഇത്തരത്തിൽ വിട്ടുപോയവർ ആരെങ്കിലും തങ്ങളെ സ്ഥിരപ്പെടുത്തണമെന്നാവശ്യ പ്പെട്ട് എന്തെങ്കിലും പരാതി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | നൽകിയിട്ടുണ്ട്. ലഭ്യമായ പരാതികളുടെ വിവരങ്ങൾ താഴെ പറയുന്നു. കണ്ടക്ടർ - 215, ഡ്രൈവർ - 110 മെക്കാനിക്ക് - 40. |
| (ഡി) | ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. യുടെ മെമ്മോ നം. PL 12/25739/2008 തീയതി 11.04.2012 പ്രകാരം ലഭ്യമായ വിവരങ്ങൾ അനുസരിച്ച് യോഗ്യത പരിശോധിച്ച് പട്ടിക തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ